**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035

ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in

ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in

---

നം:**DHS/30165/2025-AB4** തീയതി: 08-01-2026

## ലഘു ദർഘാസ് പരസ്യം

വിഷയം:- ആ.വ.ഡ.- **2026- 2027** വർഷത്തിൽ സർക്കാർ ആശുപത്രി കളിലേയ്ക്ക് ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങൾ വിതരണം നടത്തുന്നതിനുള്ള ദർഘാസ് സംബന്ധിച്ച്.

സൂചന:-

കേരള സർക്കാർ ആരോഗ്യവകുപ്പിൻ്റെ കീഴിലുള്ള ആശുപത്രികളിലേയ്ക്ക് ഭക്ഷ്യ ഭക്ഷ്യതര സാധനങ്ങൾ വിതരണം നടത്തുന്നതിന് പ്രത്യേകം കവറുകളിൽ മുദ്രവച്ച് ദർഘാസുകൾ (രണ്ടു പ്രതിവീതം) ക്ഷണിച്ചുകൊള്ളുന്നു.

**01.04.2026** മുതൽ **31.03.2027** വരെയോ അല്ലാത്ത പക്ഷം സർക്കാർ നിശ്ചയിക്കുന്ന മറ്റ് കാലയളവിലേക്കോ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള സർക്കാർ ആശുപത്രികളിലേയ്ക്ക് ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങൾ വിതരണം നടത്തുന്നതിനുള്ള മുദ്ര വച്ച ദർഘാസുകൾ പ്രത്യേകം കവറുകളിൽ **30.01.2026** ന് **01** മണിയ്ക്ക് മുമ്പ് അതാത് സ്ഥാപനങ്ങളുടെ മേലധികാരികൾക്ക് കിട്ടിയിരിക്കേണ്ടതാണ്.

## ദർഘാസ് വ്യവസ്ഥകൾ

വിതരണം നടത്തേണ്ട സാധനങ്ങളുടെ പട്ടിക, രണ്ട് ദർഘാസ് ഫോറങ്ങൾ, ദർഘാസിനോടൊപ്പം വയ്ക്കേണ്ട ഉടമ്പടികളുടെ മാതൃക മുതലായവ അതാത് സ്ഥാപനങ്ങളുടെ മേലധികാരികളിൽ നിന്നും അവർ നിശ്ചയിച്ചിരിക്കുന്ന ദർഘാസ് ഫോറത്തിന്റെ വില അടച്ച ചെല്ലാൻ രസീതും **08-01-2026** ലോ അതിനു ശേഷമോ ലഭിച്ച അസൽ സോൾവൻസി ഫോറം

സർട്ടിഫിക്കറ്റും (കുടികിടപത്രം സഹിതം) ഹാജരാക്കി ആവശ്യപ്പെട്ടാൽ ലഭിയ്ക്കുന്നതാണ്. ദർഘാസ് വാങ്ങുന്നതിനുള്ള തുക 0210- വൈദ്യസഹായവും പൊതുജനാരോഗ്യവും ജനറൽ 800 മറ്റു വരവുകൾ 88 പലവകയും ( ഭക്ഷ്യ ഭക്ഷ്യേതര വസ്തുക്കളുടെ ദർഘാസ് ഫോറത്തിന്റെ വില അടയ്ക്കുന്നത് ) എന്ന ശീർഷകത്തിലും GST ബന്ധപ്പെട്ട അക്കൗണ്ടിലും അടയ്ക്കേണ്ടതാണ്.

ഇങ്ങനെ അടയ്ക്കുന്ന പണം യാതൊരു കാരണവശാലും തിരിച്ചു നൽകുന്നതല്ല. ഓരോ വർഷത്തിനൊപ്പം ടെണ്ടറുകളുടെ 10 % കുറയാത്ത തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റിന്റെ അസ്സലും ഒരു ശരിപകർപ്പും കടം വീട്ടാൻ മുതലുള്ളത് വ്യാപ്തി ഏതുവരെയെന്നും എവിടെയാണ് പ്രസ്തുത കരാറുകാരൻ താമസിക്കുന്നതെന്നുമുള്ള സർട്ടിഫിക്കറ്റും (18 ബി) സ്റ്റോർ പർച്ചേയ്സ് റൂൾ ജനറൽ വിവരങ്ങൾ (സർക്കാർ കത്ത് നം.38489/എം3/ആ.കു.വ, തീയതി 09.05.2003) ഹാജരാക്കണം. ഈ സർട്ടിഫിക്കറ്റ് 08-01-2026 ലോ അതിനു ശേഷമോ അതാത് റവന്യൂ അധികാരികളിൽ നിന്നും നിശ്ചിത ഫോറത്തിൽ വാങ്ങിയവയും കുടികിട സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ സ്ഥലത്തെ സബ് രജിസ്ട്രാറിൽ നിന്നും വാങ്ങി ഹാജരാക്കിയാലും മതിയാവുന്നതാണ്.

കരാറുകാരൻ കരാർ സമർപ്പിക്കുമ്പോൾ 200/- രൂപയുടെ മുദ്രപത്രത്തിൽ സ്റ്റോർ പർച്ചെയ്സ് നിയമത്തിന്റെ പൊതു വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുള്ള ഒരു ഉടമ്പടി സമർപ്പിക്കേണ്ടതാണ്.

Signed by
Reena K J
Date: 08-01-2026 15:57:29

DIRECTOR OF HEALTH SERVICES